കേരളകൗമുദി

1186 കർക്കടകം 19 ■ 2011 ആഗസ്റ്റ് 4 വ്യാഴം
അത്തം 35 – 03 പഞ്ചമി 10 – 47
1933 ശ്രാവണം 13 ■ 1432 റംസാൻ 4

പാകിസ്ഥാൻ ഇന്ത്യയെ വെറുക്കുന്നത്

ആതിഷ് തസീർ

എന്റെ അച്ഛൻ, സാൽമാൻ തസീർ, ഈ ജനുവരിയിൽ കൊല ചെയ്യപ്പെടുന്നതിനു തൊട്ടുമുൻപ് ഒരു ടീറ്റ് ചെയ്യുകയുണ്ടായി. ലക്ഷ്യപ്രാപ്തിയിലെത്താതെ ബംഗാൾ ഉൾക്കടലിൽ ചെന്നു വീണ ഇന്ത്യൻ റോക്കറ്റിനെക്കുറിച്ച് അദ്ദേഹം എഴുതിയ സന്ദേശം ഇതായിരുന്നു: ''ബഹിരാകാശ സാങ്കേതിക വിദ്യയുമായി ഇന്ത്യ വല്ലതുമൊക്കെ കാട്ടിക്കൂട്ടി വിഡ്ഢിയാകുന്നതെന്തിനാണ്? ബോളിവുഡിൽ കിടന്നു കളിക്കുന്നതായിരിക്കും ഇന്ത്യയ്ക്ക് ഉത്തമമെന്നാണ് എനിക്ക് ഉപദേശിക്കാനുള്ളത്.''

പാകിസ്ഥാനിലെ ഏറ്റവും വലിയ പ്രവിശ്യയായ പഞ്ചാബിലെ ഗവർണറായിരുന്നു എന്റെ പിതാവ്. ഇന്ത്യയുടെ നിർഭാഗ്യത്തെ നുള്ളിനോവിക്കുന്ന ഈ ടീറ്റ്, അനേകായിരം വരുന്ന അദ്ദേഹത്തിന്റെ ആരാധകരെ വളരെ ആഹ്ളാദഭരിതരാക്കി. 1947-ൽ വേർപെട്ട ഇന്ത്യയെപ്പറ്റി, ഒഴിയാബാധ പോലെ, അനാരോഗ്യകരമായ ചിന്തയിലേർപ്പെട്ടിരിക്കുന്ന പാകിസ്ഥാനികൾക്ക് ഇത് സന്തോഷം നൽകി.

എന്റെ പിതാവിന്റെ മനോഭാവം പാകിസ്ഥാനിൽ സ്വീകാര്യമായിരുന്നെങ്കിലും എനിക്കത് അംഗീകരിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ഇതുമൂലം ഞങ്ങൾക്കിടയിൽ വളരെയധികം നീരസം അനുഭവപ്പെട്ടിരുന്നു. ഇന്ത്യക്കാരിയായ എന്റെ അമ്മയോടൊപ്പം ഡൽഹിയിലാണ് ഞാൻ വളർന്നത്. പകുതി ഇന്ത്യക്കാരനാണെങ്കിലും എന്റെ സ്വന്തം രാജ്യമായി ഞാൻ കണക്കാക്കുന്നത് ഇന്ത്യയെത്തന്നെയാണ്. ഒരു ക്രിസ്ത്യൻ സ്ത്രീയെ ന്യായീകരിച്ചതിനാൽ ദൈവദൂഷണക്കുറ്റം ചുമത്തപ്പെട്ട് സ്വന്തം അംഗരക്ഷകരാൽ കൊല്ലപ്പെട്ട എന്റെ പിതാവുമായി ഞാൻ കഴിഞ്ഞ മൂന്നുവർഷമായി സംസാരിച്ചിട്ടുണ്ടായിരുന്നില്ല.

പാകിസ്ഥാനെ നിരന്തരം ശല്യപ്പെടുത്തുന്ന ചിന്തയായി മാറിയിരിക്കുന്നു ഇന്ത്യ. ഈ അനിയന്ത്രിത ക്ഷോഭകാരണം മനസിലാക്കണമെങ്കിൽ ഇന്ത്യയെയും അതിന്റെ ഭൂതകാലത്തേയും ജനതയെയും സംസ്കാരത്തെയും പാകിസ്ഥാൻ മനസ്സാ വാചാ കർമണാ നിരാകരിക്കുന്നതിന്റെ ന്യായവും നന്നായി മനസ്സിലാക്കണം. ഇസ്ലാമിക തീവ്രവാദത്തിനെതിരെ പോരാടാൻ അറയ്ക്കുന്നതിന്റെയും പ്രധാന കൂട്ടാളിയായ അമേരിക്കയുടെ ലക്ഷ്യങ്ങളെ തകിടം മറിക്കാൻ ഉത്സാഹം കാണിക്കുന്നതിന്റെയും കാരണം പാകിസ്ഥാന് ഇന്ത്യയോടുള്ള ശത്രുതയും വെറുപ്പും മാത്രമാണ്.

പാകിസ്ഥാൻ എന്ന ആശയം ആദ്യമായി ഗൗരവപൂർവം അവതരിപ്പിച്ചത് ഒരു രാഷ്ട്രീയക്കാരനോ, ഒരു പുരോഹിതനോ ആയിരുന്നില്ല. മുഹമ്മദ് ഇക്ബാൽ എന്ന കവിയിൽ ഉടലെടുത്ത ആശയമായിരുന്നു അത്. ഇന്ത്യൻ മുസ്ലിമുകൾക്ക് രാഷ്ട്രീയ ധാർമ്മിക അന്തഃസത്തയുള്ള ഒരു മുസ്ലിം രാഷ്ട്രത്തിന്റെ ആവശ്യകത 1930–ൽ ആൾ ഇന്ത്യാ മുസ്ലിം ലീഗിന്റെ ഒരു സമ്മേളനത്തിൽ മുഹമ്മദ് ഇക്ബാൽ ഊന്നിപ്പറഞ്ഞു. ഈ പുതിയ രാജ്യം എങ്ങനെ ആയിരിക്കണമെന്ന് അദ്ദേഹത്തിന് കൃത്യമായ തിരിച്ചറിവ് ഇല്ലായിരുന്നു. എന്നാൽ എന്ത് അതിൽ ഉണ്ടായിരിക്കരുത് എന്നുള്ള അവബോധം അദ്ദേഹത്തിനുണ്ടായിരുന്നു. നാനാത്വത്തിലധിഷ്ഠിതമായ പഴയ ഇന്ത്യൻ സമൂഹത്തിന്റെ ബഹുതയും വ്യക്തമായ ഘടകങ്ങളും മൂലകങ്ങളും ചേർന്നുണ്ടായ സംസ്കാരവും ഉൾക്കൊള്ളുന്ന രാജ്യമായിരിക്കരുത് പുതിയ പാകിസ്ഥാൻ എന്ന വ്യക്തമായ കാഴ്ചപ്പാട് മുഹമ്മദ് ഇക്ബാൽ ഉയർത്തിപ്പിടിച്ചു.

മുഹമ്മദ് ഇക്ബാലിന്റെ സ്വപ്നം 1947 ആഗസ്റ്റിൽ യാഥാർത്ഥ്യമായി. ബ്രിട്ടീഷ് ഇന്ത്യയെ രണ്ടായി പകുത്തെങ്കിലും ജനങ്ങൾ പരസ്പരം സ്ഥലം മാറേണ്ടതില്ലെന്നാണ് ആദ്യം കരുതിയത്. താമസിയാതെ എല്ലായിടത്തും അക്രമം പൊട്ടിപ്പുറപ്പെട്ടു. ഉടൻതന്നെ പൂർണചിത്രവും വ്യക്തമായി. ഇന്ത്യൻ മുസ്ലിമുകൾക്കുവേണ്ടി പുതിയതായി ഉണ്ടാക്കിയ രാജ്യത്ത് മുസ്ലിമുകൾ അല്ലാത്തവർക്ക് ജീവിക്കാൻ സാധിക്കുകയില്ല എന്ന അവസ്ഥ സംജാതമായി. അനേകലക്ഷങ്ങളുടെ ജീവൻ അറ്റുപോകുന്നതിനും ചരിത്രത്തിലെ ഏറ്റവും വലിയ പുനരധിവാസത്തിനും സാക്ഷ്യം വഹിച്ച് ഇന്ത്യയും പാകിസ്ഥാനും ഭൂപടത്തിൽ സ്ഥാനമുറപ്പിച്ചു.

സ്വാതന്ത്ര്യത്തിൽ പങ്കുവച്ച ഈ കൂട്ടക്കൊലകളുടെയും യാതനകളുടെയും അനുഭവജ്ഞാനമാണ് പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ആധുനിക ബന്ധത്തിന്റെ അടിത്തറ. മാനുഷികതലത്തിലൂടെ നോക്കുമ്പോൾ, പാകിസ്ഥാനിലും ഇന്ത്യയിലും വളർന്ന എന്റെ അച്ഛനെയും അമ്മയെയും നിരീക്ഷിക്കുമ്പോൾ, ഒരു കാര്യം മനസ്സിലാക്കാം. അവർ വളർന്നുവന്നപ്പോൾ കേട്ടതും അറിഞ്ഞതും സമാനതകളുള്ള, ക്രൂരമായ ഹത്യകളുടെ നൊമ്പരപ്പെടുത്തുന്ന കഥകളും ലക്ഷങ്ങൾ വീടുകളില്ലാതെ തെണ്ടിയലഞ്ഞ് ജീവിക്കേണ്ടിവന്നതിനെയും കുറിച്ചാണ്. എന്നാൽ, പാകിസ്ഥാനിൽ ഈ വിഭജനത്തിന് വേറൊരു അഗാധ മാനമുണ്ടായിരുന്നു. ഇന്ത്യയുമായുണ്ടായ ഈ വിഭജനത്തിന്റെ അർത്ഥവ്യാപ്തിയെപ്പറ്റി സാംസ്കാരികവും നാഗരികവുമായ മേഖലകളിൽ വലിയ ചോദ്യങ്ങളുയർന്നു.

വ്യക്തമായ ദേശീയതയുടെ അഭാവത്തിൽ, എല്ലാ കാര്യത്തിലും ഇന്ത്യയ്ക്കെതിരായ നിലപാടുകൾ നിർവചിച്ചുകൊണ്ട്, ഒരു പുതിയ വ്യക്തിത്വം സ്വീകരിക്കാൻ പുതിയ പാകിസ്ഥാൻ സന്നദ്ധമായി. ഇക്കാരണത്താൽ എല്ലാത്തിനും അവർ ഇന്ത്യയ്ക്ക് എതിരുനിന്നു. വിഭജനത്തിനു മുൻപ് മുസ്ലിമുകളും അല്ലാത്തവരും തമ്മിലുണ്ടായിരുന്ന പൊതുധാരണകൾക്കെതിരെ പാകിസ്ഥാൻ പുറംതിരിഞ്ഞു. എല്ലാം സംശയത്തിന്റെ ദൃഷ്ടിയിലൂടെ അവർ നോക്കി. വസ്ത്രധാരണം, ആചാരം, ഉത്സവങ്ങൾ, വിവാഹ കർമ്മങ്ങൾ, സാഹിത്യം തുടങ്ങി എല്ലാം സൂക്ഷ്മദർശിനിയിലൂടെ അവർ കണ്ടു. അതിലെ ഇന്ത്യൻ അംശങ്ങൾ അവർ തുടച്ചുമാറ്റി. ഇന്ത്യയുമായുള്ള എല്ലാ സംസർഗവും മലിനമാണെന്നു ചിത്രീകരിച്ച്, അതിനു കാരണമാകുന്നതിനെയെല്ലാം അകറ്റി നിറുത്താൻ ശ്രദ്ധിച്ചു.

(അവസാനിക്കുന്നില്ല)

സൽമാൻ തസീർ

പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയുടെ ഗവർണറായിരിക്കെ ഈ വർഷമാദ്യം വധിക്കപ്പെട്ട രാഷ്ട്രീയ നേതാവും വ്യവസായ പ്രമുഖനും. പാകിസ്ഥാൻ പീപ്പിൾസ് പാർട്ടി അംഗം. മുൻ മന്ത്രി. ബേനസീർ ഭൂട്ടോയുടെ വിശ്വസ്തനായി അറിയപ്പെട്ട സൽമാൻ തസീർ നവാസ് ഷെറീഫിന്റെ സഹപാഠിയാണ്. 'ഭൂട്ടോ: രാഷ്ട്രീയ ജീവചരിത്രം' എന്ന കൃതിയുടെ കർത്താവ്. ജനുവരി നാലിന് അംഗരക്ഷകനായ മാലിക് മുംതാസ് ഖദ്രിയുടെ വെടിയേറ്റു മരിച്ചു. പാകിസ്ഥാനിൽ രണ്ടു ഭാര്യമാരിലായി ആറു മക്കൾ. ഇന്ത്യയിൽ പരിചയപ്പെട്ട വിശ്രുത പത്രപ്രവർത്തക തവ്‌ലീൻ സിംഗിൽ ജനിച്ച മകനാണ് ആതിഷ് തസീർ.

ആതിഷ് തസീർ

പത്രപ്രവർത്തകൻ, വിവർത്തകൻ, സാഹിത്യകാരൻ. സൽമാൻ തസീറിന്റെയും ഇന്ത്യക്കാരിയായ പത്രപ്രവർത്തക തവ്‌ലീൻ സിംഗിന്റെയും മകൻ. ജനനം ബ്രിട്ടനിൽ. വളർന്നത് ഡൽഹിയിൽ. കൊടൈക്കനാലിൽ റസിഡൻഷ്യൽ സ്കൂളിൽ നിന്നു വിദ്യാഭ്യാസം നേടിയ ആതിഷ് മസാച്ചുസെറ്റ്സിലെ ആംഹെസ്റ്റ് കോളേജിൽ നിന്നു ഫ്രഞ്ചിലും പൊളിറ്റിക്കൽ സയൻസിലും ബിരുദം നേടി. ടൈം മാഗസിനിൽ ജോലി ചെയ്തിരുന്നു. കുറെക്കാലം ഫ്രീലാൻസ് പത്രപ്രവർത്തനം. സ്ട്രേഞ്ചർ ടു ഹിസ്റ്ററി: എ സൺസ് ജേർണി ത്രൂ ഇസ്ലാമിക് ലാൻഡ്സ് എന്ന കൃതിയുടെ കർത്താവ്.

ഇസ്ലാമിക തീവ്രവാദത്തിനെതിരെ പോരാടാൻ അറയ്ക്കുന്നതിന്റെയും പ്രധാന കൂട്ടാളിയായ അമേരിക്കയുടെ ലക്ഷ്യങ്ങളെ തകിടം മറിക്കാൻ ഉത്സാഹം കാണിക്കുന്നതിന്റെയും കാരണം പാകിസ്ഥാന് ഇന്ത്യയോടുള്ള ശത്രുതയും വെറുപ്പും മാത്രമാണ്

ഇനിയും ശകാരം കേൾക്കരുത്

സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയത് മാസങ്ങൾക്കുമുമ്പാണ്. അതിനുമുമ്പും പലവട്ടം ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. സംസ്ഥാനത്തെ ഒട്ടുമിക്ക സ്കൂളുകളും ഇക്കാര്യത്തിൽ പരിതാപകരമാംവിധം പിന്നിലാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നായിരുന്നു കോടതി ഇടപെട്ടത്. പതിവിൻപടി വിദ്യാലയാധികൃതർക്ക് കുറിമാനം അയച്ചതല്ലാതെ ഈ വിഷയത്തിൽ സജീവ താത്പര്യമൊന്നും സർക്കാർ പുലർത്തിയതായി കാണുന്നില്ല. താത്പര്യമെടുത്തിരുന്നുവെങ്കിൽ ഇതുസംബന്ധമായ ഹർജി ചൊവ്വാഴ്ച വീണ്ടും പരിഗണനയ്ക്കെടുത്തപ്പോൾ തലചൊറിഞ്ഞുകൊണ്ട് സർക്കാർ വക്കീലിന് കോടതിമുമ്പാകെ നിൽക്കേണ്ടിവരുമായിരുന്നില്ല. സ്കൂളുകളിൽ മൂത്രപ്പുരയും കക്കൂസും കുടിവെള്ളവും മതിയായ തോതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ സ്കൂൾ ഭരണാധികാരികൾക്കൊപ്പം സർക്കാരും ഗുരുതരമായ വീഴ്ച വരുത്തിയെന്നാണ് ഹൈക്കോടതി കണ്ടെത്തിയിരിക്കുന്നത്. എത്രയൊക്കെ ശകാരം കേട്ടാലും സർക്കാരിന് കുലുക്കമുണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടാണ് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്കൂളുകളുടെ മുഴുവൻ ലിസ്റ്റും തങ്ങളുടെ പക്കൽ എത്തിച്ചേർന്നിട്ടില്ലെന്ന് വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥൻ സമർപ്പിച്ച സത്യവാങ്മൂലത്തിൽ തുറന്നു പറയുന്നത്. വിവരശേഖരണത്തിന് ഇനിയും ഒരു മാസംകൂടി വേണ്ടിവരുമെന്നും ബോധിപ്പിച്ചിട്ടുണ്ട്. ഹർജി അടുത്ത തവണ പരിഗണിക്കുമ്പോൾ പുതിയ എന്തെങ്കിലും ഒഴികഴിവുമായി വന്നാൽ മതിയല്ലോ. പക്ഷേ, ഇനിയും ഈ വിഷയത്തിൽ കോടതിയുടെ ശകാരം കേൾക്കേണ്ടിവരുന്നത് വലിയ നാണക്കേടാണ്.

വിദ്യാഭ്യാസരംഗത്ത് കേമന്മാരെന്ന് അഭിമാനിക്കുന്ന സംസ്ഥാനത്തെ സ്കൂളുകളിൽ പലതിലും പേരിനുപോലും മൂത്രപ്പുര ഇല്ലെന്ന വസ്തുത ആരെയെങ്കിലും ഞെട്ടിക്കുകയോ ഉത്കണ്ഠപ്പെടുത്തുകയോ ചെയ്തതായി അറിവില്ല. എന്തിനും ഏതിനും പ്രതിഷേധവും സമരവുമായി തെരുവിലിറങ്ങുന്ന വിദ്യാർത്ഥി സംഘടനകളിൽ ഒന്നുപോലും സ്കൂളിൽ മൂത്രപ്പുര നിർമ്മിക്കണമെന്നാവശ്യപ്പെട്ട് രംഗത്തുവന്നതായും ഓർമ്മയില്ല. വിലക്കയറ്റം മുതൽ ആസിയാൻ കരാറും ആണവകരാറും ഉൾപ്പെടെ സൂര്യന് താഴെയുള്ള ഏതു വിഷയത്തിലും തലകുത്തിനിന്നു പ്രതികരിക്കുന്ന രാഷ്ട്രീയ-സാംസ്കാരിക-സാമൂഹ്യ സംഘടനാ പ്രതിനിധികളിലാരെങ്കിലും ഗൗരവമേറിയ പ്രശ്നമായി ഇതു കണ്ടിട്ടുമില്ല. 2008 മുതൽ ഹൈക്കോടതിയിൽ കിടക്കുന്ന ഇതുസംബന്ധമായ ഹർജി വാദത്തിനുവന്നിട്ടുള്ള അവസരങ്ങളിലെല്ലാം സർക്കാർ കാണിക്കുന്ന ഉദാസീനതയെ കോടതി വിമർശിച്ചിട്ടുള്ളതാണ്. ഓരോ വർഷത്തെയും ബഡ്ജറ്റിൽ വിദ്യാഭ്യാസ മേഖലയ്ക്കായി നല്ലൊരു വിഹിതം മാറ്റിവയ്ക്കുന്നു. കേന്ദ്രത്തിൽ നിന്നുള്ള സഹായത്തിനും കുറവില്ല. എന്നിട്ടും സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച നിലനിൽക്കുന്നു എന്നുവരുന്നത് കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ സ്കൂൾ അധികൃതർക്കോ സർക്കാരിനോ യാതൊരു ശ്രദ്ധയുമില്ലെന്നതിന്റെ തെളിവാണ്.

സ്കൂളുകളിൽനിന്ന് റിപ്പോർട്ട് തേടലും സത്യവാങ്മൂലം തയ്യാറാക്കലുമായി സമയം കളയാതെ ഇനിയെങ്കിലും സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ മതിയായ തോതിൽ ഏർപ്പെടുത്താൻ സർക്കാർ മുന്നിട്ടിറങ്ങണം. ഏതു കർമ്മപരിപാടികളിൽ ഉൾപ്പെടുത്തിയെങ്കിലും അത് സാദ്ധ്യമാക്കണം. കുട്ടികൾക്കുവേണ്ടി ചെയ്യാൻ കഴിയുന്ന വലിയ പുണ്യമായിരിക്കുമത്

കഴിഞ്ഞ വിദ്യാലയ വർഷത്തിലാണ് ഹൈക്കോടതി ഇതുസംബന്ധിച്ച് സർക്കാരിന് കർശന നിർദ്ദേശം നൽകിയത്. ഇതിനകം എല്ലാ സ്കൂളുകളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഒരു പ്രയാസവുമില്ലായിരുന്നു. പക്ഷേ, ഇന്നും സ്ഥിതിക്ക് മാറ്റമുണ്ടായിട്ടില്ലെന്നാണ് കഴിഞ്ഞദിവസം സർക്കാർ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം പരിശോധിച്ചാൽ വ്യക്തമാകുന്നത്. സ്കൂളുകളിൽനിന്നു ലഭിച്ച വിവരമനുസരിച്ച് 4931 കക്കൂസുകളുടെയും 31680 മൂത്രപ്പുരകളുടെയും 109 കുടിവെള്ള യൂണിറ്റുകളുടെയും കുറവ് കണ്ടെത്തിയെന്നാണ് റിപ്പോർട്ട്. 876 സ്കൂളുകളിൽനിന്ന് യാതൊരു വിവരവും ലഭിച്ചിട്ടുമില്ല. വിവര വിനിമയരംഗത്തെ കുതിച്ചുചാട്ടത്തിൽ അഭിമാനം കൊള്ളുമ്പോഴാണ് വിവരങ്ങൾ തേടിയുള്ള അനന്തമായ ഈ കാത്തിരിപ്പ്.

സ്കൂൾ അധികൃതർ ശ്രദ്ധവച്ചിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ വേനലവധിക്കാലത്തുതന്നെ എല്ലാ സ്കൂളുകളിലും ആക്ഷേപരഹിതമായി പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുമായിരുന്നു. പൊതുവിദ്യാഭ്യാസവകുപ്പ് അതിനാവശ്യമായ നടപടി എടുക്കേണ്ടിയിരുന്നു. സ്കൂളിലെ കുട്ടികളുടെ സംഖ്യ നോക്കി പത്തോ ഇരുപതോ മൂത്രപ്പുരകളും ഏതാനും കക്കൂസുകളും നിർമ്മിക്കാൻ അത്രയേറെ സമയമൊന്നും വേണ്ട. ഇതിനാവശ്യമായ പണം സർക്കാർ നൽകുകയോ സ്കൂളധികൃതർ സ്വന്തം നിലയിൽ കണ്ടെത്തുകയോ ആവാം. എല്ലാ സ്കൂളിലും പി.ടി.എയും ഫണ്ടുപിരിവുമൊക്കെ ഉള്ളതാണ്. രക്ഷാകർത്താക്കളുടെ സഹകരണം ഈ ആവശ്യത്തിന് തീർച്ചയായും ലഭിക്കുകയും ചെയ്യും. അതിനായി ശ്രമം നടത്തുന്നില്ലെന്നതാണ് ഏറ്റവും വലിയ ദൗർഭാഗ്യം. സ്കൂളുകളിൽ ആവശ്യത്തിന് മൂത്രപ്പുര ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ഏറെ അനുഭവിക്കേണ്ടിവരുന്നത് പെൺകുട്ടികളാണ്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പല പഠനങ്ങളിലും ഇക്കാര്യം പരാമർശിക്കുന്നുണ്ട്.

സ്കൂളുകളിൽനിന്ന് റിപ്പോർട്ട് തേടലും സത്യവാങ്മൂലം തയ്യാറാക്കലുമായി സമയം കളയാതെ ഇനിയെങ്കിലും സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ മതിയായ തോതിൽ ഏർപ്പെടുത്താൻ സർക്കാർ മുന്നിട്ടിറങ്ങണം. ഏതു കർമ്മപരിപാടികളിൽ ഉൾപ്പെടുത്തിയെങ്കിലും അത് സാദ്ധ്യമാക്കണം. കുട്ടികൾക്കുവേണ്ടി ചെയ്യാൻ കഴിയുന്ന വലിയ പുണ്യമായിരിക്കുമത്.

സദാനന്ദന്റെ സമയം

ഏഴു വർഷം മുൻപ് 2004 ൽ മംഗലാപുരം ലോക്സഭാ സീറ്റിൽ കോൺഗ്രസിലെ കരുത്തനായ വീരപ്പമൊയ്‌ലിയെ തറപറ്റിച്ച് ഡൽഹിക്കു വണ്ടികയറിയ സദാനന്ദ ഗൗഡ കർണാടക രാഷ്ട്രീയത്തിന്റെ നടുമുറ്റത്തേക്ക് ഉഡുപ്പി ചിക്മംഗ്ളൂർ വഴി പറന്നിറങ്ങുന്നു. മറ്റേതു കരുത്തരായ ബി.ജെ.പി നേതാക്കളെയും പോലെ ഡി.വി. സദാനന്ദഗൗഡ എന്ന ദേവരഗുണ്ട വെങ്കപ്പ സദാനന്ദഗൗഡയ്ക്കും രാഷ്ട്രീയ സ്വയംസേവക് സംഘിന്റെ ശക്തമായ അടിത്തറയാണ് പിന്തുണ. മുഖ്യമന്ത്രിപദത്തിൽ നിന്നും പുറത്തുപോയ ബി.എസ്. യെദിയൂരപ്പയെന്ന കർണ്ണാടക രാഷ്ട്രീയത്തിലെ കരുത്തനായ നേതാവിന്റെ ചരടുവലികൾ കൂടിയായപ്പോൾ ഗൗഡയ്ക്ക് മുഖ്യമന്ത്രി പദം ഉറപ്പിക്കാനായി.

ജനസംഘത്തിലൂടെയാണ് രാഷ്ട്രീയപ്രവേശനം. അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്തിന്റെ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയത്തിൽ കടന്നുവന്ന ഗൗഡ 1976–ൽ അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. പിന്നീട് അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ പദവിയിൽ സർക്കാർ ജോലിയിൽ പ്രവേശിച്ചു. 1982–ൽ രാജിവച്ച് രാഷ്ട്രീയത്തിലിറങ്ങി.

പിന്നീട് 1983 മുതൽ 1988 വരെ യുവമോർച്ചയുടെ സംസ്ഥാന സെക്രട്ടറി. 1994–ൽ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതോടെ സംസ്ഥാന രാഷ്ട്രീയത്തിലെ നേതാവായി. 1994 ലും 1999ലും രണ്ടുവട്ടം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. വിവിധ നിയമസഭാ കമ്മിറ്റികളിൽ അംഗമായിരുന്നു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ മന്ത്രിസഭയ്ക്ക് കർണ്ണാടകത്തിൽ രൂപം കൊടുത്ത 2008ലെ നിയമസഭാ തിരഞ്ഞെടുപ്പിലെ വിജയം അന്ന് ബി.ജെ.പിയുടെ സംസ്ഥാന അധ്യക്ഷസ്ഥാനം വഹിച്ച ഡി.വിയുടെ കിരീടത്തിലെ തിളക്കം വർദ്ധിപ്പിച്ചു. 2004ൽ ബി.ജെ.പി ദേശീയസെക്രട്ടറി സ്ഥാനവും വഹിച്ചിട്ടുണ്ട്. 1999–2004 ൽ നിയമസഭയിൽ ഉപപ്രതിപക്ഷനേതാവായിരുന്നു.

സുള്ള്യയിലെ മണ്ടേകൊലു ഗ്രാമത്തിലെ ഒരു കൊടക് ഗൗഡ കുടുംബത്തിൽ വെങ്കപ്പഗൗഡ-കമല ദമ്പതികളുടെ മകനായി 1953 മാർച്ച് 18നാണ് ഡി.വിയുടെ ജനനം. ദത്തി സദാനന്ദയാണ് ഭാര്യ. മകൻ കാർത്തിക് എൻജിനിയറിംഗ് ബിരുദധാരി. മൂത്ത മകൻ കൗശിക് മെഡിക്കൽ വിദ്യാർത്ഥിയായിരിക്കെ 2003ൽ റോഡപകടത്തിൽ മരിച്ചു.

നിലവിലുള്ള എം.പി സ്ഥാനം രാജിവച്ച് നിയമസഭയിലേക്ക് ജനവിധി തേടണം ഇനി 58കാരനായ ഈ ബി.ജെ.പി നേതാവിന്. മുഖ്യമന്ത്രിക്കസേരയിൽ എത്രനാൾ എന്നതാണ് കണ്ടറിയേണ്ടത്. ആറുമാസത്തിനകം താൻ മുഖ്യമന്ത്രി സ്ഥാനത്തേക്ക് തിരിച്ചെത്തുമെന്ന് യെദിയൂരപ്പ നേരത്തെ പറഞ്ഞിരുന്നു. ഇപ്പോൾ പാർട്ടിക്കുള്ളിൽ ഉടലെടുത്തിരിക്കുന്ന ധ്രുവീകരണത്തിന്റെ പശ്ചാത്തലത്തിൽ മന്ത്രിസ്ഥാനങ്ങൾ നിശ്ചയിക്കുന്നത് പോലും സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലെത്തുന്ന സദാനന്ദഗൗഡയ്ക്ക് വെല്ലുവിളിയാകുമെന്നുറപ്പാണ്.

സദാനന്ദഗൗഡയും ഭാര്യ ദത്തിസദാനന്ദയും

മമതാ ബന്ധങ്ങളുടെ മഹാഗാഥ

എൻ.കെ. ദേശം

ഏതു ഭാഷയിലെയും രാമായണം പഴങ്കഥയാണ്. പക്ഷേ എന്നും പുതുമയുള്ള പഴമയാണ് അതിനെ ഉദാത്തമാക്കുന്നത്. രാമായണം കഥയുടെ മികവെന്ത് എന്ന ചോദ്യത്തിന് കിട്ടുന്ന ഉത്തരം ഒന്നല്ല, പലതുമാകാം.

ഏറ്റവും ഹൃദ്യമായ ഗുണങ്ങളിൽ ഒന്ന്, അതിലെ കഥാപാത്രങ്ങൾ തമ്മിലുള്ള മമതാബന്ധങ്ങളുടെ മാധുര്യമാകുന്നു. മനുഷ്യനും സുരാസുര രക്ഷസ്സുകളും പക്ഷിമൃഗാദികളും ഉൾപ്പെട്ട വലിയൊരു ജീവ പ്രപഞ്ചമാണ് ആ ഇതിഹാസം. മലകളും നദികളും പഞ്ചഭൂതങ്ങളുമെല്ലാം സജീവ പങ്കാളിത്തത്തോടെ, പരസ്പര സ്നേഹവിശ്വാസങ്ങളോടെ, ആ അരങ്ങിൽ വന്ന് ആടിത്തിമിർക്കുന്നു.

ദമ്പതീ പ്രണയത്തിന്റെ മഹനീയ മാതൃകയാണ് രാമനും സീതയും. രാജ്യവും സുഖഭോഗങ്ങളും ദൂരെ എറിഞ്ഞ് എത്ര സന്തുഷ്ടരായിട്ടാണ് അവർ പതിന്നാലു വർഷം കാട്ടിൽ ജീവിച്ചത്! പതീസേവനമാണ് പത്നീ ധർമ്മം എന്ന ദൃഢനിശ്ചയത്തിൽ നിന്ന് സീതയെ പിൻതിരിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. സീതാരാമന്മാർ ഭാര്യാഭർത്താക്കന്മാരായും പ്രിയൻ സുഹൃത്തുക്കളായും ഗുരുശിഷ്യരായും വാണ വനജീവനം പിൽക്കാലത്തെ ഏകാന്ത പരിത്യക്തജീവിതത്തിൽ സീത ഓർക്കുന്നു.

ദമ്പതീ പ്രണയത്തിന്റെ മഹനീയ മാതൃകയാണ് രാമനും സീതയും. രാജ്യവും സുഖഭോഗങ്ങളും ദൂരെ എറിഞ്ഞ് എത്ര സന്തുഷ്ടരായിട്ടാണ് അവർ പതിന്നാലു വർഷം കാട്ടിൽ ജീവിച്ചത്! പതീസേവനമാണ് പത്നീ ധർമ്മം എന്ന ദൃഢനിശ്ചയത്തിൽ നിന്ന് സീതയെ പിൻതിരിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല

നളിനങ്ങളറുത്തു നീന്തിയും
കുളിരേലും കയമാർന്നുമുങ്ങിയും
പുളിനങ്ങളിലെന്നോടോടിയും
കളിയാട്ടം പ്രിയനന്നു കുട്ടിപോൽ

ദണ്ഡകാരണ്യത്തിൽ ഗോദാവരിയുടെ ആഴങ്ങളിൽ മുങ്ങുന്നതും താമരപ്പൂക്കൾ പിഴുതെടുക്കുന്നതും മണൽക്കരയിൽ ഓടിപ്പാഞ്ഞു കളിക്കുന്നതും ഒരു സാമ്രാജ്യം ത്യജിച്ച രാജാവും രാജ്ഞിയുമാണ്. രാജാക്കന്മാർ ബഹുപരിഗ്രഹരായിരുന്ന പ്രാചീനയുഗത്തിലും സീതയിൽ മാത്രം തന്റെ ഹൃദയമർപ്പിച്ച ഏകപത്നീവ്രതനാണ് രാമൻ എന്ന പുരുഷോത്തമനായ കഥാനായകൻ. സ്ത്രീത്വത്തിന്റെ ആൾരൂപമാണ് സീത.

രാമലക്ഷ്മണ ഭരത ശത്രുഘ്നന്മാർ ഉത്കൃഷ്ടമായ സഹോദര സ്നേഹം കൊണ്ട് ആരെയും അദ്ഭുതപ്പെടുത്തും. ലക്ഷ്മണനോട് തനിക്കുള്ള സ്നേഹത്തിന്റെയും കടപ്പാടിന്റെയും ആഴം എത്രയെന്ന് സീതയ്ക്ക് അളക്കാനാവുന്നില്ല. കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയിലെ ലക്ഷ്മണസ്മരണ എന്ന വികാരനിർഭരമായ ഖണ്ഡം മലയാളികൾക്കു മറക്കാനാവുമോ?

കൗസല്യ, കൈകേയി, സുമിത്ര എന്നീ രാജവധുക്കൾ സാപത്ന്യ കലഹമില്ലാത്ത കുല പ്രതിഷ്ഠകളാണ്. മന്ഥരയുടെ കുതന്ത്രവും കുത്തിത്തിരിപ്പും കേട്ട കൈകേയി പറയുന്നു, തന്റെ പുത്രനായ ഭരതനേക്കാൾ തനിക്ക് പ്രിയങ്കരനാണ് രാമനെന്ന് ; പെറ്റമ്മയായ കൗസല്യയോടുള്ളതിലും കൂടുതൽ സ്നേഹം ചിറ്റമ്മയായ തന്നോട് രാമനുണ്ടെന്ന്. സുമിത്രയാകട്ടെ അടക്കാൻ വയ്യാത്ത ദുഃഖത്തോടെ സ്വപുത്രനായ ലക്ഷ്മണനെ സീതാരാമ ശുശ്രൂഷാർത്ഥം വനവാസത്തിന് വിടുന്നത് തെല്ലും ഈർഷ്യ കൂടാതെയാണ്. രാമനെ അച്ഛനായും സീതയെ അമ്മയായും അടവിയെ അയോദ്ധ്യയായും കാണണമെന്നത്രേ ആ മാതാവിന്റെ അനുഗ്രഹ നിർദ്ദേശം.

രാമായണത്തിലെ ഒരു പ്രമുഖ പാത്രവും കഥാരചയിതാവുമായ വാൽമീകിയുടെ മഹത്വം വാക്കിൽ ഒതുക്കാവുന്നതല്ല. ഇങ്ങനെ ജംഗമാജംഗമങ്ങളും മർത്ത്യ, തിര്യക്ക് വംശജരുമായ എത്രയെത്ര വലിയ മനസ്സുകൾ! അവരെല്ലാവരും ചേരുമ്പോൾ ഉച്ച നീചജാതിമത സ്ത്രീ പുരുഷ ഭേദമില്ലാത്ത മമതയുടെ മഹാഗാഥയാവുന്നു രാമായണം.

പാപമോചനത്തിനായി പ്രാർത്ഥിക്കുക

സയ്യിദ് ഇബ്രാഹീമുൽ ഖലീലുൽ ബുഖാരി

ചെയർമാൻ, മഅ്ദിൻ അക്കാദമി

പുതുജീവിതത്തിനായുള്ള പ്രതിജ്ഞയാണ് റംസാൻ വ്രതത്തിന്റെ ഏറ്റവും വലിയ പാഠം. ഇസ്ലാമിന്റെ സാഹോദര്യ സന്ദേശവും നോമ്പിന്റെ സമത്വദർശനവും ജീവിതത്തിൽ പകർത്തുകയാണ് വിശ്വാസിയുടെ ഇന്നത്തെ ഏറ്റവും വലിയ ധർമ്മം.

തെറ്റുകൾ ഏറ്റു പറഞ്ഞും ഇനി തെറ്റുകളിലേക്കില്ലെന്ന് പ്രതിജ്ഞ ചെയ്തും അള്ളാഹുവിലേക്ക് അടുക്കാനുള്ള അസുലഭ അവസരമാണ് റംസാനിലൂടെ സമാഗതമായിരിക്കുന്നത്. പാപമോചനത്തിനായി അള്ളാഹുവിനോട് മാപ്പിരക്കാൻ ലഭിക്കുന്ന ഏറ്റവും വലിയ അവസരം. നോമ്പിലൂടെ ഒരു വ്യക്തി മാത്രമല്ല ശുദ്ധമാകുന്നത്. മറിച്ച് സമൂഹത്തിനായി ഒരാൾക്ക് ചെയ്യാനാവുന്ന ഏറ്റവും വലിയ ധർമ്മമാണിത്. നന്മ നിറഞ്ഞ കൊച്ചു സമൂഹങ്ങളാണ് സമാധാനപൂർണ്ണമായ ലോകത്തിന്റെ അടിത്തറ- അദ്ദേഹം പറഞ്ഞു.

അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്നതിലൂടെ ഇച്ഛകളെ വെടിയാനുള്ള ശക്തിനേടുകയാണ് വിശ്വാസി ചെയ്യുന്നത്. അന്തിമമായി, തിന്മകളെ തിരസ്കരിക്കാനുള്ള കരുത്ത് കരസ്ഥമാക്കുകയാണ് ഇതിലൂടെ. നല്ലതിനെ സ്വീകരിക്കുകയും തിന്മകളെ തിരസ്കരിക്കുകയുമാണ് ഏറ്റവും വലിയ പ്രാർത്ഥന.

നമ്മുടെ നാടിന്റെയും സഹജീവികളുടെയും നന്മയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന വിശ്വാസിയുടെ കടമയാണ്. വ്രതത്തിന്റെ പുണ്യ നാളുകളിൽ ഇക്കാര്യത്തിൽ ഏവരും പ്രത്യേക ശ്രദ്ധചെലുത്തണം.



ഗുരുവരുൾ

''ആഴിയും തിരയും കാറ്റും
ആഴവുംപോലെ ഞങ്ങളും
മായയും നിന്മഹിമയും
നീയുമെന്നുള്ളിലാകണം
– ദൈവദശകം''

കടലും തിരയും കാറ്റും കടലിന്റെ ആഴവും ഒരിക്കലും വേർപെടാതെ വർത്തിക്കുന്നതുപോലെ ഞങ്ങളുൾപ്പെട്ട ജീവജാലങ്ങളും ദൈവശക്തിയായ മായയും മുഖ്യപ്രാണനും ദൈവവും ഒരിക്കലും പരിയാതെ ഒത്തുചേർന്നുപോരുന്നു എന്ന സത്യം വ്യക്തമായി ധരിക്കാൻ ഞങ്ങൾക്ക് സാധിക്കുമാറാകണം.